(v) ലൂത്വ്നബി

ഇസ്ലാമിക പ്രബോധനാർഥം ഇറാഖിന്റെയും ഫിലസ്ത്വീന്റെയും മധ്യേയുള്ള ട്രാൻസ് ജോർഡാൻ എന്ന പേരിലറിയപ്പെടുന്ന ഭൂഭാഗത്ത് നിയോഗിക്കപ്പെട്ട പ്രവാചകനാണ് ലൂത്വ്നബി. ഇബ്റാഹീംനബി യുടെ കൂടെ ഇറാഖിൽനിന്ന് പലായനം ചെയ്ത ലൂത്വ് അല്പകാലം സിറിയയിലും ഫിലസ്ത്വീനിലും ഈജിപ്തിലും അദ്ദേഹത്തോടൊപ്പം ഇസ്ലാമിക പ്രബോധനം നടത്തി പരിചയം നേടിയ ശേഷമാണ് പ്രവാചകനായി നിയോഗിക്കപ്പെടുന്നത്. ലൂത്വ്നബിയുടെ പ്രബോധിതർ വിഗ്രഹാരാധകരായിരുന്നുവോ എന്ന കാര്യം ഖുർആൻ വ്യക്തമാക്കിയിട്ടില്ല. ഏതായാലും അദ്ദേഹത്തിന്റെ പ്രബോധനം മുഖ്യമായും കേന്ദ്രീകരിച്ചത് സദാചാര-സാമ്പത്തിക മേഖലകളിലാണ്. സ്വവർഗ സംഭോഗം എന്ന ലൈംഗിക അരാ ജകത്വവും യാത്രക്കാരെ കൊള്ളയടിക്കലുമായിരുന്നു അവരുടെ മുഖ്യ തിന്മ. സ്വവർഗ സംഭോഗം മ്ലേഛവും മലിനവുമാണെന്നംഗീകരിക്കാൻ പോലും ലൂത്വിന്റെ ജനത കൂട്ടാക്കിയിരുന്നില്ല. അതിനാൽ ലൂത്വ് തന്റെ പ്രബോധനശ്രമങ്ങളധികവും സംഘടിപ്പിച്ചത് അവരെ ധാർമിക ദൂഷ്യങ്ങളിൽനിന്നും സദാചാര രാഹി ത്യത്തിൽനിന്നും മോചിപ്പിക്കാനാണ്. അദ്ദേഹം തന്റെ ജനതയോട് ചോദിച്ചു: ''ബോധപൂർവം നിങ്ങൾ നീചവൃത്തിയിൽ വ്യാപൃതരാവുകയാണോ? നിങ്ങൾ കാമനിവൃത്തിക്കായി സ്ത്രീകളെ ഉപേക്ഷിച്ച് പുരു ഷന്മാരെ സമീപിക്കുകയാണോ? നിങ്ങളൊരു മൂഢ ജനത തന്നെ.''(അന്നംല് 54, 55)

വഴിയാത്രക്കാരെ കടന്നാക്രമിക്കുകയും കൊള്ളയടിക്കുകയും ചെയ്യുന്ന സാമ്പത്തിക കുറ്റങ്ങൾക്കെതി രെയും ലൂത്വ്നബിയുടെ പ്രബോധനം വിരൽചൂണ്ടി: ''നിങ്ങൾ നീചകൃത്യം തന്നെയാണ് ചെയ്യുന്നത്. നിങ്ങൾക്ക് മുമ്പ് ലോകരിലാരും അത് ചെയ്തിട്ടില്ല. നിങ്ങൾ കാമ പൂർത്തീകരണത്തിനായി പുരുഷ ന്മാരെ പ്രാപിക്കുന്നു. വഴിയാത്രക്കാരെ ആക്രമിക്കുകയും സദസ്സുകളിൽവെച്ച് നിഷിദ്ധ വൃത്തികളിലേർപ്പെ ടുകയും ചെയ്യുന്നു.'' (അൽഅ്ൻകബൂത് 28, 29).

എന്നാൽ ആ ജനത ലൂത്വ്നബിയുടെ പ്രബോധനം സ്വീകരിച്ചുകൊണ്ട് തങ്ങൾ ചെയ്തുകൊണ്ടിരി ക്കുന്ന നീച കൃത്യങ്ങളിൽനിന്ന് പിൻമാറാൻ ഒരുക്കമായിരുന്നില്ല. അവർ ലൂത്വിനെ കളവാക്കുകയും നാട്ടിൽനിന്ന് പുറത്താക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. അതോടെ അവരിലെ സംസ്കരണ സാധ്യതകളെ സംബന്ധിച്ച സകല പ്രതീക്ഷകളും നഷ്ടപ്പെട്ട ലൂത്വ്നബി വൃത്തികെട്ട ഈ ജനത യിൽനിന്ന് തന്നെ രക്ഷപ്പെടുത്തണമെന്ന് അല്ലാഹുവോട് പ്രാർഥിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പ്രാർഥന സ്വീകരിച്ച അല്ലാഹു ആ ജനതയെ നിശ്ശേഷം നശിപ്പിച്ചു.